# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2564**.

**09-05-2017 ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിൽ അനുവദിച്ച തുകയും കാർഷി പദ്ധതികളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിന് നടപടിയും

**ചോദ്യം**
ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദീർഘ കാലമായി തരിശു കിടക്കുന്ന സ്വന്തം കൃഷിയിടങ്ങളിൽ കൃഷിയിറക്കുന്നതിനു നെൽക്കൃഷി വികസന പദ്ധതി പ്രകാരവും പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരവും 2016 - 17 വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകർക്ക് തുക അനുവദിച്ചിട്ടുണ്ട്; ഈ അപേക്ഷകൾക്കായി അനുവദിച്ച ആകെ തുകയെത്ര; | (എ) | 2016-17 വർഷത്തിൽ തരിശു നില നെൽകൃഷി വികസന പദ്ധതി പ്രകാരം 528 ഓളം കർഷകർക്ക് തരിശു നില നെൽകൃഷിയ്ക്കായി 50,00,000/- രൂപയും പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം 72 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നതിനായി 130 കർഷകർക്ക് 21,60,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ തുക ചെലവഴിക്കാതെ തിരിച്ചടച്ചിട്ടുണ്ടോ; അപേക്ഷ സമർപ്പിച്ചിട്ടും തുക ലഭിക്കാത്ത കർഷകരുണ്ടോ; | (ബി) | അനുവദിച്ച തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്. |
| (സി) | കൃഷി വകുപ്പിന്റെ പല പദ്ധതികളെ കുറിച്ചും ശരിയായ പ്രചരണം ലഭിക്കാത്തതു കൊണ്ട് കർഷകർക്ക് വേണ്ടത്ര അവബോധം ലഭിക്കാതെ പോകുന്ന സ്ഥിതിവിശേഷമുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (സി) & (ഡി) | കൃഷിവകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള ശരിയായ പ്രചരണം പത്രദൃശ്യമാധ്യമങ്ങൾ വഴിയും, കൃഷിഭവൻതലത്തിലും ബ്ലോക്കു തലത്തിലും നടത്തുന്നുണ്ട്. വിവിധ പദ്ധതികൾ സംബന്ധിച്ച് അവബോധം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ വർഷവും ഓരോ ജില്ലയിലും സംസ്ഥാനാടിസ്ഥാനത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ, ഇതിന്റെ വിശദവിവരം, പദ്ധതി നടപ്പിലാക്കുന്ന രീതി, പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസി തുടങ്ങി വിശദവിവരങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന കൈപ്പുസ്തകം എല്ലാ എം.എൽ.എ. മാർക്കും ഉടനെ ലഭ്യമാക്കുന്നതാണ്. |
| (ഡി) | എങ്കിൽ കൃഷി വകുപ്പിന്റെ പദ്ധതികളെപ്പറ്റി പൊതു ജനങ്ങൾക്കും കർഷകർക്കുമിടയിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ